പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .7713 | 23.07.2012-ൽ മറുപടിക്ക്

## പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരമുള്ള തുക വിതരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, എ.എം. ആരിഫ്<br>,, കെ.വി. അബ്ദുൾ ഖാദർ<br>,, കെ.കെ. നാരായണൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്കായുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരമുള്ള തുക വിതരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (എ) | പഞ്ഞമാസങ്ങളിലെ സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള തുക വിതരണത്തിന് ഓരോ ജില്ലയിലും നിശ്ചയിച്ചിട്ടുള്ള നോഡൽ ബാങ്കുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുകയുടെ വിതരണം ആരംഭിച്ചോ എന്നും എങ്കിൽ എത്ര തൊഴിലാളികൾക്ക് ഇതുവരെ ആനുകൂല്യം ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ; | (ബി) | ഒന്നും രണ്ടും ഗഡുക്കളുടെ വിതരണത്തിനുള്ള തുക ജില്ലകൾക്കനുവദിച്ചു നൽകിയിട്ടുണ്ട്. ജില്ലകളിൽ ഡേറ്റാ എൻട്രി പൂർത്തിയാക്കി നോഡൽ ബാങ്ക് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറി തുടങ്ങിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നും ഉത്തരവാദിത്തം ആർക്കെന്നും വ്യക്തമാക്കാമോ; | (സി) | വളരെ സൂക്ഷ്മതയോടെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പരുകൾ ഡേറ്റാ എൻട്രി നടത്തേണ്ടതിനാലും പുതിയ ഒരു സമ്പ്രദായത്തിലേയ്ക്ക് മാറുന്നതിന്റെ തുടക്കത്തിലുള്ള പരിചയക്കുറവും കാരണമാണ് തുക വിതരണത്തിനു കാലതാമസം നേരിട്ടത്. തുക വിതരണം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തുക പൂർണ്ണമായും എന്ന് നൽകാൻ സാധിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) | ഒന്നും രണ്ടും ഗഡുക്കൾ അനുവദിച്ചു നൽകിയിട്ടുണ്ട്. 3-ാം ഗഡു ഉടൻ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ